കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കല്ലിയൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

തിരുവനന്തപുരം ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:lfadtvm@yahoo.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം, തീയതി 23.08.2017
ഇമെയിൽ - lfadtvm@yahoo.in
ഫോൺ - 04712331231

നം.കെ.എസ്.എ.റ്റി.വി.എം./ജി.പി.4 /1782/2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കല്ലിയൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കല്ലിയൂർ ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കല്ലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3എന്നിവയിലെ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

ഒപ്പ്

വിശ്വസ്തതയോടെ,
ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

നം കെ.എസ്.എ.റ്റി.വി.എം./ജി.പി.4/1782/2017 തീയതി: 23.08.2017

## തിരുവനന്തപുരം ജില്ലയിലെ കല്ലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കല്ലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 26.11.2016മുതൽ 19.07.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് എന്നിവയും 2016-17 വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്ക് മറുപടി പരിഗണിക്കുകയും, ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ് .

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത് . സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. ജമാലുദ്ദീൻ. എ, ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 20/07/2017 മുതൽ29/07/2017 വരെ

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | ശ്രീമതി. ജയലക്ഷ്മി. ആർ. | അസി.ഓഡിറ്റ് ഓഫീസർ |
| 2 | ശ്രീ. പ്രേംനാഥ് ജി. കെ. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

| | | |
|---|---|---|
| 3 | ശ്രീമതി. അനുലക്ഷ്മി. വി. | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ് - ശ്രീമതി.ജയലക്ഷ്മി.ആർ (01.04.2016 മുതൽ 31.03.2017 വരെ)

| |
|---|
| നിർവ്വഹണ ഉദ്യോഗസ്ഥർ |

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ. ജി.കെ സതീഷ് കുമാർ | 01.04.2016 മുതൽ 05.06.2016 വരെ |
| | ശ്രീ.രാജേഷ് രാജൻ | 06.06.2016 മുതൽ 04.08.2016 വരെ |
| | ശ്രീമതി. ലതാകുമാരി.എസ് | 05.08.2016 മുതൽ 15.03.2017 വരെ |
| | ശ്രീ. ഗിരീഷ് ലാൽ (i/c) | 16.03.2017 മുതൽ 31.03.2017 വരെ |
| അസി.സെക്രട്ടറി | ശ്രീ.ബിജുകുമാർ.ആർ.റ്റി | 01.04.2016 മുതൽ 08.01.2017 വരെ |

| | | |
|---|---|---|
| | ശ്രീ. എൻ.സി. ഗിരീഷ് ലാൽ | 09.01.2017 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ (സർക്കിൾ 1) | ശ്രീ.ബിനോയ് ഭുവൻ | 01.04.2016 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ (സർക്കിൾ 2) | ശ്രീമതി.ആശ.എസ്.ആർ | 01.04.2016 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.വി.ജി.ശാന്തി | 01.04.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ജയശ്രീ.എ | 01.04.2016 മുതൽ 08.07.2016 വരെ |
| | ശ്രീമതി. വിജയകുമാരി | 09.07.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി ) | ഡോ.സുമിത. എം.കെ | 01.04.2016 മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. സിദ്ധി. ജി.പി. | 01.04.2016 മുതൽ 31.03.2017 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.റ്റി.ബേബി ജേക്കബ് (എം.എൻ.എൽ.പി.എസ്, വെള്ളായണി) | 01.04.2016 മുതൽ 02.06.2016 വരെ |
| | ശ്രീ.സുദർശനബാബു. (യു.പി.എസ്. നേമം) | 03.06.2016 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീ.ശ്രീകുമാരൻ നായർ.എസ് | 01.04.2016 മുതൽ 31.03.2017 വരെ |
| അസി.എഞ്ചിനീയർ | ശ്രീ.രവികുമാരൻതമ്പി.സി.എം | 01.04.2016 മുതൽ 31.03.2017 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 01 | ബജറ്റ് | 1-1 | |
| 02 | വാർഷിക ധനകാര്യപത്രിക. | 1-2 | |

| | | | |
|---|---|---|---|
| 03 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 04 | സാമ്പത്തിക വിശകലനം | 1-4 | |
| 05 | ഫണ്ട് വിനിയോഗം | 1-5 | |
| 06 | പദ്ധതി അവലോകനം. | 1-6 | |
| 07 | തനത് വരുമാനം. | 1-7 | |
| 08 | ക്ഷേമപദ്ധതികൾ | 1-8 | |
| 09 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 12 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 2-1 | |
| 13 | പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ കടമുറികൾ പ്രവർത്തിക്കുന്നു | 2-2 | |
| 14 | തൊഴിൽ നികുതി-രജിസ്റ്ററും രേഖകളും കൃത്യമായി പരിപാലിക്കുന്നില്ല, | 2-3 | |
| 15 | മാർക്കറ്റ് - ലേലത്തുക ഈടാക്കിയിട്ടില്ല | 2-4 | |
| 16 | മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല | 2-5 | |

| | | | |
|---|---|---|---|
| | ഭാഗം 3 | | |
| 17 | വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയുടെ അപാകതകൾ | 3-1 | |
| 18 | ഔഷധിയിൽ നിന്നും മരുന്ന വാങ്ങൽ-മുഴുവൻ തുകയ്ക്കും മരുന്ന ലഭ്യമായിട്ടില്ല. | 3-2 | |
| 19 | ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹിച്ച പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 3-3 | |
| 20 | സെക്രട്ടറി നിർവഹണോദ്യഗസ്ഥനായ പദ്ധതികൾ-അവലോകനം | 3-4 | |
| 21 | ഗ്രാമപഞ്ചായത്തിലെ അംഗനവാടികൾ-ഗ്രാമപഞ്ചായത്ത് കൂടുതൽ ശ്രദ്ധ കൈക്കൊള്ളണം | 3-5 | |
| 22 | കുഴിയംവിള ഫുട്ട് ബ്രിഡ്ജ് നിർമ്മാണം-ഡക്ക് സ്ളാബിന് അധിക നിരക്കും പ്ളാസ്റ്ററിംഗിന് അധിക കനവും നൽകി-10942/- രൂപ നിരാകരിക്കുന്നു | 3-6 | |
| 23 | പുന്നമൂട് ഹയർസെക്കണ്ടറി സ്കൂളിലെ ലൈബ്രറിക്ക് സീലിംഗും ഫ്ളോറിംഗും -അളവ്പുസ്തകത്തിലെ അളവുകൾ ശരി അളവുകളുമായി പൊരുത്തപ്പെടുന്നില്ല.17035/- രൂപ നിരാകരിക്കുന്നു | 3-7 | |

| | | | |
|---|---|---|---|
| | | | |
| 24 | ആയുർവേദ ആശുപത്രിക്കായി പുതിയ കെട്ടിടം-പണി പൂർത്തീകരിച്ചിട്ടും തുറന്ന പ്രവർത്തിക്കുവാൻ കഴിഞ്ഞിട്ടില്ല- അടിയന്തിര നടപടികൾ കൈക്കൊള്ളണം | 3-8 | |
| | ഭാഗം 4 | | |
| 25 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 26 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 27 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 28 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 29 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 30 | ഓഡിറ്റ് റിക്കവറി | 4-6 | |
| 31 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4-8. | |
| 33 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9. | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 08.03.2016 തിയതിയിലെ 1 -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ പ്രതീക്ഷിത വരവ് 172687425/- രൂപയും, പ്രതീക്ഷിത ചെലവ് 168892304/- രൂപയും, നീക്കിയിരിപ്പ് 3795121/- രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| | | --- | --- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

സർട്ടിഫിക്കറ്റ് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

മുൻബാക്കി - 13275325.18

വരവ് - 74208191.00

ആകെ - 87483516.18

ചെലവ് - 70016211.00

നീക്കിയിരിപ്പ് - 17467305.18

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 14265231 | 14265231.00 | 14265231 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 10872151 | 10872151.00 | 10872151 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 4537802 | 4537802.00 | 4537802 | 0 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 0 | 4879201 | 4879201.00 | 4879201 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5102051 | 5102051.00 | 5102051 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 3243101 | 3243101.00 | 3243101 | 0 |
| എം.എൻ.ആർ .ഇ. ജി.എസ്. | 2432.50 | 1414006 | 1416438.50 | 1364361 | 52077.50 |
| ബി ഫണ്ട് | 0 | 1686480 | 1686480.00 | 1686480 | |
| ജനറൽ പർപ്പസ് ഗ്രാന്റ് | 7952936.00 | 12355860 | 20308796.00 | 12190553 | 8118243.00 |
| തനത് ഫണ്ട്/മറ്റ് വരവുകൾ | 5319956.18 | 15852308 | 21172264.18 | 11875280 | 9296984.18 |
| ആകെ | 13275324.68 | 74208191 | 87483515.68 | 70016211 | 17467304.68 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു:

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 219 | 90195544 | 143 | 55164409 | 12 | 64 | 65.29 |

പദ്ധതി നിർവ്വഹണത്തിൽ ഗ്രാമപഞ്ചായത്ത് അധികൃതർ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. കാർഷിക മേഖലയിലെ പദ്ധതികൾക്ക് തൻവർഷം കൂടുതൽ പ്രാധാന്യം നൽകിയിട്ടില്ല. പശ്ചാത്തല

മേഖലയിലെ പദ്ധതികൾ ഗുണഭോക്താക്കൾക്ക് പൂർണ്ണമായും പ്രയോജനപ്പെടും വിധം നടപ്പിലാക്കേണ്ടതാണ്.

ഫണ്ടിന്റെ ലഭ്യത ഉറപ്പാക്കിയും പ്രാഥമിക പഠനം നടത്തിയും പ്രായോഗികമായി നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികൾക്ക് പ്രഥമ പരിഗണന നൽകേണ്ടതും, അംഗീകാരം ലഭ്യമാകുന്ന എല്ലാ പ്രോജക്ടുകളും സമയബന്ധിതമായി പൂർത്തിയാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്.

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 5082281 | 6426334 | (+)1344053 |
| നികുതിയേതര വരവുകൾ | 1716328 | 2406505 | (+)690177 |
| മറ്റുവരവുകൾ | 0 | 1783682 | - |
| ആകെ | 6798609 | 10616521 | |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1146240.00 | 646 |
| കർഷകതൊഴിലാളി പെൻഷൻ | 2506430.00 | 266 |
| വിധവാപെൻഷൻ | 12794770.00 | 1404 |
| വാർദ്ധക്യകാലപെൻഷൻ | 21897390.00 | 2568 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 3853245.00 | 445 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 520270.00 | 52 |
| വിധവകളുടെ പെൺ മക്കളുടെ വിവാഹ ധനസഹായം | 530000.00 | 18 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20/07/2017-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 16,930/-രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

നിർവ്വഹണ ഉദ്യോഗസ്ഥർ നിശ്ചിത മാതൃകയിലുള്ള ടി.ആർ.7Aക്യാഷ്ബുക്ക് സൂക്ഷിക്കുന്നില്ല. ടി.ആർ.7Aമാതൃകയിലുള്ള ക്യാഷ്ബുക്കിൽ, ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും, പഞ്ചായത്തിൽ നിന്നുള്ള വരവ് ചെലവിന്റെയും വിവരം രേഖപ്പെടുത്തേണ്ടതും, പഞ്ചായത്തിൽ നിന്നുള്ള വരവ് ചെലവ് കണക്കുകൾ പ്രത്യേകം സബ്സിഡി രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. തൊഴിൽ നികുതി, മാർക്കറ്റ്-ലേലം എന്നീ വരവിനങ്ങളുടെ രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.05.2017 | 30.04.2017 വരെ | റിപ്പോർട്ട് ലഭിച്ചില്ല |
| അക്കൗണ്ടന്റ് | 29/09/14 | 2009-10 | 20/11/2014 |

| | | | |
|---|---|---|---|
| ജനറലിന്റെ ഓഡിറ്റ് | മുതൽ 16/10/14 വരെ | മുതൽ 2013-14 വരെ | |

# ഭാഗം-2

## വരവ്വ കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

2016-17സാമ്പത്തിക വർഷത്തിലെ വാർഷികധനകാര്യ പത്രികയും രജിസ്റ്ററും രേഖകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു

| ക്രമ നം | ഇനം | രജിസ്റ്റർ പ്രകാരമുള്ള വരവ് | AFSപ്രകാരമുള്ള വരവ് |
|---|---|---|---|
| 1 | തൊഴിൽ നികുതി (ജീവനക്കാർ ) | 2104270.00 | 2106520.00 |
| 2 | D&O ലൈസൻസ് (തൻ വർഷം ) | 71400.00 | 70500.00 |
| 3 | D&O ലൈസൻസ് (അഡ്വാൻസ് ) | 2700.00 | 3200.00 |
| 4 | പ്രൈവറ്റ് മാർക്കറ്റ് ഫീസ് | 11248.00 | 4100.00 |
| 5 | കെട്ടിട നികുതി (തൻ വർഷം ) | 2376699.00 | 2220747.00 |
| 6 | കെട്ടിടനികുതി (കുടിശിക ) | 1521594.00 | 1451396.00 |

വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ

അറിയിക്കേണ്ടതാണ്.

## 2-2 പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ കടമുറികൾ പ്രവർത്തിക്കുന്നു

പഞ്ചായത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററും രേഖകളും പരിശോധിച്ചതിൽ വാണിജ്യ വ്യവസായ ഗണത്തിൽപ്പെട്ട 1754 കെട്ടിടങ്ങൾ നിലവിലുള്ളതായി ബോധ്യപ്പെട്ടു. എന്നാൽ 2016-17സാമ്പത്തിക വർഷത്തിൽ 228 സ്ഥാപനങ്ങൾ മാത്രമേ ലൈസൻസ് എടുത്തിട്ടുള്ളൂ. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.2/21.07.17)ക്ക് ലൈസൻസ് എടുക്കാത്ത എല്ലാ സ്ഥാപനങ്ങൾക്കും കത്ത് നൽകിയിട്ടുണ്ടെന്നും, ഇതിൽ പല കെട്ടിടങ്ങളും അടഞ്ഞു കിടക്കുകയാണെന്നും മറുപടി നൽകിയിട്ടുണ്ട്. വരും വർഷങ്ങളിൽ എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഈടാക്കി തനതു വരുമാനം വർധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 2-3 തൊഴിൽ നികുതി-രജിസ്റ്ററും രേഖകളും കൃത്യമായി പരിപാലിക്കുന്നില്ല,

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 1996 ലെ തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം ഓഫീസ് മേധാവി /സ്ഥാപന ഉടമ ശമ്പളത്തിന്റെ /വരുമാനത്തിന്റെ വിവരങ്ങളടക്കം ജീവനക്കാരുടെ പേര് വിവരങ്ങൾ അടങ്ങിയ പത്രിക സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ 2016-17 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററും രേഖകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

a) ഒന്നാം അർദ്ധവർഷം പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വരുമാന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള പത്രികകൾ വാങ്ങി സൂക്ഷിച്ചിട്ടില്ല.

b) ജീവനക്കാരുടെ തൊഴിൽ നികുതി രണ്ടാം അർദ്ധവർഷത്തിൽ അടയ്ക്കാത്ത സ്ഥാപനങ്ങൾ

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് കല്ലിയൂർ ബ്രാഞ്ച് |
| 2 | എഞ്ചിനീയറിംഗ് സബ് ഡിവിഷൻ, വെള്ളായണി |

| | |
|---|---|
| 3 | ശ്രീ അയ്യങ്കാളി മെമ്മോറിയൽ ഗവ. മോഡൽ സ്കൂൾ |
| 4 | SAMGMRSS,വെള്ളായണി |
| 5 | ട്രെയിനിങ് സർവീസ് സ്കീം, KAU,വെള്ളായണി |
| 6 | ഇലക്ട്രിക്കൽ സബ് ഡിവിഷൻ, KAU,വെള്ളായണി |
| 7 | AICRP, KAU,വെള്ളായണി |
| 8 | NARP, KAU,വെള്ളായണി |
| 9 | കല്ലിയൂർ മിൽക്ക് സപ്ലയേഴ്സ് കോ ഓപ്പറേറ്റീവ് സൊസൈറ്റി |
| 10 | KGB, പെരിങ്ങമ്മല ബ്രാഞ്ച് |
| 11 | ക്ഷീര വ്യവസായ സഹകരണ സംഘം |
| 12 | തിരുവനന്തപുരം ഫാർമേഴ്സ് സോഷ്യൽ വെൽഫെയർ /കോ ഓപ്പറേറ്റീവ് സൊസൈറ്റി |

c) 2016-17 സാമ്പത്തിക വർഷത്തിൽ സ്ഥാപന നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ഒന്നും തന്നെ ലഭ്യമായിട്ടില്ല.

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി (നം.6/25.07.17)ക്ക് പഞ്ചായത്തിന്റെ ISO സർട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ നടത്തിയ ക്രമീകരണങ്ങളുടെ ഭാഗമായി രജിസ്റ്ററുകൾക്ക് സ്ഥാനചലനം സംഭവിച്ചിട്ടുണ്ടെന്ന അസാധാരണമായ മറുപടിയാണ് നൽകിയത്. നിലവിലുള്ള അപാകതകൾ പരിഹരിച്ച് രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് അതീവ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 2-4 മാർക്കറ്റ് - ലേലത്തുക ഈടാക്കിയിട്ടില്ല

2016-17 സാമ്പത്തിക വർഷത്തിലെ ഹാജരാക്കിയ മാർക്കറ്റ് ലേല രേഖകൾ പരിശോധിച്ചതിൽ ശാന്തിവിള പബ്ലിക് മാർക്കറ്റ് ഗേറ്റ് ഫീസ് പിരിച്ചെടുക്കുന്നതിനുള്ള അവകാശം 2016-17 ലേക്ക് ശ്രീ ഷാഹുൽ ഹമീദ്. P, ചാനൽ ബണ്ട്, കോലിയക്കോട് , നേമം എന്നയാൾ 80,250/-രൂപയ്ക്ക് ലേലം കൊണ്ടിട്ടുണ്ട്, ഡെപ്പോസിറ് തുകയായ 5,000/-രൂപയും ആദ്യ ഗഡുവായ 20,000/- രൂപയും ഒടുക്കി 4.03.16 ൽ ലേലം താത്കാലികമായി സ്ഥിരപ്പെടുത്തിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബാക്കി തുക അടച്ചതിന്റെ വിശദാംശങ്ങൾ, ലേല പരസ്യം, ലേല ഡയറി, കരാർ രേഖകൾ മുതലായവ ഫയലിൽ നിന്നും ലഭ്യമായിട്ടില്ല. 2017-18 ലേക്കായി നടത്തിയ ലേല വിവരങ്ങൾ ഒന്നും തന്നെ ഫയലൽ സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി (നം 7/25.07.17)ക്ക് ലേലത്തുക അടവാക്കാത്തതുമായി ബന്ധപ്പെട്ട് ശ്രീ. ഷാഹുൽ ഹമീദിനെതിരെ പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുന്നതിന വേണ്ടി ബന്ധപ്പെട്ട രേഖകളും ഫയലുകളും അഡ്വക്കേറ്റിന്റെ മുൻപിൽ ഹാജരാക്കിയിരിക്കുകയാണെന്നും പ്രസ്തുത രേഖകളുടെ പകർപ്പ് ഉടനെ ഹാജരാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്.പ്രസ്തുത രേഖകൾ ഹാജരാക്കി തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല

പഞ്ചായത്തിന്റെ പരിധിയിൽ 7 മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ 2013-14 മുതൽ ഇവയിൽ നിന്നും നികുതി ഈടാക്കുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | വാർഡ് നം/ കെട്ടിട നം | തുക (പിഴപലിശ ഉൾപ്പെടെ) |
|---|---|---|---|
| 1 | വിയോം നെറ്റ് വർക്ക് ലിമിറ്റഡ് | 12/701 | 125000 |
| | വയർലെസ്സ് ഇൻഫോ സർവ്വീസ് ലിമിറ്റഡ് | 19/642 | 125000 |
| 3 | ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻ | 19/641 | 125000 |

| | | | |
|---|---|---|---|
| 4 | ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് | 3/637 | 125000 |
| 5 | വോഡാഫോൺ | 12/700 | 125000 |
| 6 | വോഡാഫോൺ | 3/641 | 125000 |
| 7 | റിലയൻസ് | 3/638 | 125000 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1/21.07.17) മൊബൈൽ കമ്പനികളുടെ മേൽവിലാസം അപൂർണ്ണമായാണ് പഞ്ചായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതെന്നും പൂർണമായ മേൽവിലാസമുള്ള കമ്പനികൾക്ക് അരിയർ ഡിമാൻഡ് നോട്ടീസ് അയച്ച് കുടിശ്ശിക തുക അടിയന്തിരമായി ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. കുടിശ്ശിക തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയുടെ അപാകതകൾ - 1,95,000 രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നം. : SO 155/17

പ്രോജക്റ്റ് : സൂക്ഷ്മ സംരംഭം - വനിത – കെട്ടിട നിർമ്മാണകല

അടങ്കൽ : 14,80,500/-

ചെലവ് : 1,95,000/- (bill no. 02/17 dt. 29.03.17)

ഭരണാനുമതി : I(1)/03.09.16

നിർവ്വഹണ ഉദ്യോഗസ്ഥൻ : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ I

സൂക്ഷ്മ സംരംഭം - വനിത – കെട്ടിട നിർമ്മാണകല എന്ന പ്രോജക്റ്റിനായി ചുവടെ ചേർത്ത വിധം തുക വിനിയോഗിക്കാൻ അംഗീകാരം ലഭിച്ചിട്ടുണ്ട്.

വികസനഫണ്ട് (ജന) : 4,00,000

തനത് ഫണ്ട് : 20,000

ധനകാര്യസ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ : 10,50,000

| | | |
|---|---|---|
| ഗുണഭോക്തൃവിഹിതം | : | 10,500 |
| ആകെ അടങ്കൽ | | 14,80,500/- |

<u>പ്രവർത്തന ഇനങ്ങൾ</u>

| | | |
|---|---|---|
| തൊഴിൽ പരിശീലനം | : | 1,05,000 |
| ധനസഹായ വിതരണം (സബ്സിഡി) | : | 3,15,000 |
| ധനകാര്യസ്ഥാപനങ്ങളിലെ വായ്പ | : | 10,50,000 |
| ഗുണഭോക്തൃ വിഹിതം | : | 10,500 |
| | | 14,80,500/- |

തൻവർഷം ഗുണഭേക്തൃ ലിസ്റ്റ് വഴി തെരഞ്ഞെടുത്ത പതിമൂന്ന് ഗുണഭോക്താ ക്കൾക്ക് (വനിത) നിർമ്മിതി കേന്ദ്രം മുഖേന കെട്ടിട നിർമ്മാണ കലയിൽ സൗജന്യ പരിശീലനം ലഭ്യമാക്കുകയും (10.01.17 മുതൽ 10.03.17വരെ) കല്ലിയൂർ സർവ്വീസ് കോ ഓപ്പറേറ്റിവ് ബാങ്കിന്റെ അക്കൗണ്ടിൽ ഒരാൾക്ക് 15,000/- രൂപ വീതം ആകെ 1,95,000/- രൂപ (bill 02/17 dt 29.03.17) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

മേൽ പദ്ധതി ഫയലുകൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പദ്ധതിയുടെ വിശദമായ എസ്റ്റിമേറ്റ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

2) ജി.ഒ.(എം.എസ്) 04/16/തസ്വഭവ തി. 11.01.16 ലെ ഖ – 7.10 ലെ നിർദ്ദേശ പ്രകാരം സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി മാത്രമേ പരിശീലന പരിപാടികൾ ഏറ്റെടുക്കാവൂ. മേല്പറഞ്ഞ പദ്ധതിയിൽ ഗുണഭോക്താക്കൾ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

3) വായ്പാബന്ധിത പ്രോജക്ടുകൾക്ക് സബ്സിഡി തുക ബാങ്കിലേയ്ക്ക് ബാക്ക് എൻഡഡ് സബ്സിഡിയായി നൽകണമെന്ന ഗവ.നിർദേശം (ജി.ഒ. (എം.എസ്)04/16/തസ്വഭവ തി 11.01.16, ഖ – 3-7) പാലിക്കാതെ പതിമൂന്ന് ഗുണഭോക്താക്കൾക്കായി 1,95,000/- രൂപ സബിസിഡിയായി കല്ലിയൂർ സർവ്വീസ് കോ ഓപ്പറേറ്റിവ് ബാങ്കിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ച നടപടി ഗവ. നിർദേശങ്ങൾക്ക് വിരുദ്ധമാണ്.

മേൽ അപാകതകൾ ചൂണ്ടിക്കാണിച്ച് കൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് ചുവടെ ചേർത്ത വിധം മറുപടി നല്കിയിട്ടുണ്ട്.

ഗുണഭോക്താക്കളുടെ പരിശീലനം മാർച്ച് മാസമാണ് പൂർത്തിയായത് എന്നും, തൊഴിലുറപ്പ് പദ്ധതികൾ മാർച്ച് മാസത്തോടെ അവസാനിച്ചതിനാൽ തൊഴിൽ ലഭ്യമാക്കാൻ സാധിച്ചില്ല എന്നും, 2017-18 സാമ്പത്തിക വർഷത്തിൽ തൊഴിലുറപ്പ്പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവൃത്തികളിൽ ഏർപ്പെടുന്നുണ്ടെന്നും, അറിയിച്ചിട്ടുണ്ട്. പരിശീലനം പൂർത്തീകരിച്ച വനിതകൾ semi-skilled labourers ആയി NREGS തൊഴിലുറപ്പ് പദ്ധതിയിൽ register

ചെയ്തിട്ടുണ്ടെന്നും മറുപടി തന്നിട്ടുണ്ട്. വ്യക്തമായ തയ്യാറെടുപ്പോ, മുൻധാരണയോ കൂടാതെയാണ് പ്രോജക്ട് നടപ്പാക്കിയിരിക്കുന്നത്. സ്ത്രീ ശാക്തീകരണത്തിന് ഉതകുന്ന രീതിയിൽ കെട്ടിട നിർമ്മാണ കലയിൽ വനിതകൾക്ക് പരിശീലനം നല്കിയുട്ടെണ്ടങ്കിലും, ബാങ്കിൽ നിന്നുള്ള വായ്പയും, ബാക്ക് എൻഡഡ് സബ്സിഡിയും ഉപയോഗിച്ച് ഗവ.നിർദേശ പ്രകാരം പദ്ധതി കൃത്യമായി നടപ്പിലാക്കാൻ പ്രോജക്ട് തയ്യാറാക്കുകയോ, നിർദേശം പാലിക്കുകയോ ചെയ്തിട്ടില്ല. പദ്ധതി ബഹുവർഷ പ്രോജക്ടായി അംഗീകാരം നേടി ഒരു വർഷം പരിശീലനം നല്കി ഗ്രൂപ് രൂപീകരിക്കുകയും, അടുത്ത വർഷം പ്രസ്തുത ഗ്രൂപ്പിന് മൈക്രോ സംരംഭം ആരംഭിക്കാനായി സഹായം നല്കുകയും ചെയ്തിരുന്നുവെങ്കിൽ പദ്ധതി വിജയമാകുമായിരുന്നു. 2017-18 ൽ പദ്ധതി തുടരേണ്ടതും, ബാങ്കിൽ നിന്നുള്ള വായ്പ ലഭ്യമാക്കി മൈക്രോ സംരംഭം തുടങ്ങി വിവരം ഓഡിറ്റിൽ അറിയിക്കുന്നത് വരെ പദ്ധതിയ്ക്കായി ചെലവഴിച്ച 1,95,000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-2 ഔഷധിയിൽ നിന്നും മരുന്നു വാങ്ങൽ-മുഴുവൻ തുകയ്ക്കും മരുന്നു ലഭ്യമായിട്ടില്ല.

2016-17 സാമ്പത്തിക വർഷം ആയുർവേദ മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ മരുന്നു വാങ്ങൽ പ്രോജക്ടുകളുമായി ബന്ധപ്പെട്ട് ഔഷധിയിൽ അടവാക്കിയ മുഴുവൻ തുകയ്ക്കും മരുന്നു ലഭ്യമായിട്ടില്ല.

| ക്രമ നം | പ്രോജക്ടിന്റെ പേര്/നം. | ഔഷധിയിൽ അടച്ച തുക | ലഭിക്കേണ്ട മരുന്നിന്റെ തുക |
|---|---|---|---|
| 1 | കൊതുക് നിയന്ത്രണം-അപരാജിതച്ചൂർണ്ണം(13/17) | 50000 | 21641 |
| 2 | ആയുർവേദ ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ(10/17) | 8,50,000 | 23751 |
| 3 | കുട്ടികളുടെ ആരോഗ്യ സംരക്ഷണം-മരുന്നു വാങ്ങൽ(41/17) | 50000 | 5976 |
| 4 | കൗമാരക്കാരായ പെൺകുട്ടികളുടെ പ്രത്യേക ആരോഗ്യ | 50000 | 4118 |

| | | | |
|---|---|---|---|
| | പദ്ധതി(40/17) | | |
| 5 | NRHM ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ(11/17) | 4,00,000 | 13224 |
| 6 | പ്രസവ രക്ഷ ക്ലിനിക്കിലേക്ക് ആയുർവേദ മരുന്ന വാങ്ങൽ(12/17) | 1,50,000 | 3050 |
| 7 | NRHM-പ്രസവ രക്ഷ ക്ലിനിക്കിലേക്ക് മരുന്ന വാങ്ങൽ(42/17) | 50000 | 1743 |
| 8 | ജീവിതശൈലി രോഗം-ക്ലിനിക്കിലേക്ക് മരുന്ന വാങ്ങൽ(43/17) | 100000 | 3024 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/22.07.2017) ഔഷധങ്ങളുടെ കുറവ് മൂലമാണ് മരുന്ന് ലഭ്യമാകാൻ കാലതാമസമുണ്ടായതെന്നും അടിയന്തിരമായി മരുന്ന് എത്തിക്കാമെന്ന് ഔഷധിയിൽ നിന്ന് അറിയിച്ചിട്ടുള്ളതായും മറുപടി നൽകിയിട്ടുണ്ട്. തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-3 ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹിച്ച പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

പദ്ധതിയുടെ പേര് : താലോലം ഗ്രാമപഞ്ചായത്ത് വിഹിതം അടയ്ക്കൽ

പദ്ധതി നമ്പ്ര : SOO18/2017

പദ്ധതി തുക : 50,000/-

സംസ്ഥാനത്തെ അവശതയനുഭവിക്കുന്ന വിവിധ ജനവിഭാഗങ്ങളുടെ ക്ഷേമത്തിനായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ക്ഷേമ പദ്ധതിയായ താലോലം എന്ന പദ്ധതിയുടെ നടത്തിപ്പിന്, സർക്കാർ ഉത്തരവ് (സാധാ)1209/2013 /ത.സ്വ.ഭ.വ. തീയതി 06.05.2013 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും കേരള സാമൂഹ്യ സുരക്ഷാ മിഷൻ ഫണ്ട് നൽകാറുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വിഴിഞ്ഞം ജില്ലാ ട്രഷറിയിലൂടെ അടവാക്കിയ തുകയ്ക്ക് കൈപ്പറ്റ് രസീതോ, വിനിയോഗ സാക്ഷ്യപത്രമോ ലഭ്യമായിട്ടില്ല. അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-4 സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായ പദ്ധതികൾ-അവലോകനം

1). പ്രോജക്ടിന്റെ പേര് : പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ

പ്രോജക്ട് നമ്പർ : SO 0054/2017

അടങ്കൽ തുക : 10,50,000/-

ഗ്രാമപഞ്ചായത്തിലെ 6, 7, 9, 12, 14, 15, 16, 17 എന്നീ വാർഡുകളിലെ പൈപ്പ് ലൈനുകൾ നീട്ടുന്നതിനായി 6,23,000/-രൂപ (ഡി.ഡി. നം.826568, 826885, 826912) വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. വാട്ടർ അതോറിറ്റിയുമായി ഉണ്ടാക്കിയ കരാറുകൾ പ്രകാരം 2017 ഏപ്രിൽ 30-ന മുൻപായി പണി പൂർത്തീകരിക്കുകയും തുടർന്ന് പൂർത്തീകരണ സർട്ടിഫിക്കറ്റും ഡെപ്പോസിറ്റ് തുകയുടെ വിനിയോഗ സാക്ഷ്യപത്രവും ലഭിക്കേണ്ടതുണ്ട്. ഫൈനൽ ബിൽ തുക നൽകിയ തുകയിലും കുറവാണെങ്കിൽ ബാക്കി തുക ലഭ്യമാക്കാനുള്ള നടപടികളും സാക്ഷ്യപത്രങ്ങൾ ലഭിക്കാനുള്ള നടപടികളും അടിയന്തിരമായി കൈക്കൊള്ളേണ്ടതാണ്.

2). പ്രോജക്ടിന്റെ പേര് : പൈപ്പ് ലൈൻ സ്ഥാപിക്കൽ

പ്രോജക്ട് നമ്പർ : SO 0058/17

അടങ്കൽ തുക : 9,00,000/-

ഗ്രാമപഞ്ചായത്തിലെ 4-ാം വാർഡിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി വാട്ടർ അതോറിറ്റിയിൽ 43,000/-രൂപ നിക്ഷേപിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി 2017 ഏപ്രിൽ 30-ന മുൻപായി പൂർത്തീകരിക്കേണ്ടതുണ്ട്. നാളിതുവരെ പൂർത്തീകരണ സർട്ടിഫിക്കറ്റും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമായിട്ടില്ല. മറ്റു വാർഡുകളിലെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി 8,32,453/-രൂപ നിക്ഷേപിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുടെ ഉടമ്പടിയും പൂർത്തീകരണ സർട്ടിഫിക്കറ്റും, വിനിയോഗ സാക്ഷ്യപത്രവും വാട്ടർ അതോറിറ്റിയിൽ നിന്ന്

ലഭ്യമാക്കിയിട്ടില്ല. നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

3). പ്രോജക്ടിന്റെ പേര് - വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ

പ്രോജക്ട് നമ്പർ - SOO 51/17

അടങ്കൽ തുക - 2,73,336/-

ഗ്രാമപഞ്ചായത്തിൽ കല്ലിയൂർ കെ.എസ്.ഇ.ബി.യുടെ പരിധിയിൽ വരുന്ന 11, 14, 15 എന്നീ വാർഡുകളിൽ വൈദ്യുതി ലൈൻ ദീർഘിപ്പിക്കുന്നതിനായി 7,75,262/-രൂപയും (ഡി.ഡി.നം.086386/16.11.16 & 086387/16.11.16) വിഴിഞ്ഞം കെ.എസ്.ഇ.ബി.യുടെ പരിധിയിൽ വരുന്ന വാർഡ് 19-ൽ വൈദ്യുതി ലൈൻ ദീർഘിപ്പിക്കുന്നതിനായി 21,255/-രൂപയും (DD086389/16.11.16) നൽകിയിട്ടുണ്ട്. കൂടാതെ വൈദ്യുത പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനായി 31,437/-രൂപ (ഡി.ഡി.നം.086385/16.11.16) നേമം കെ.എസ്.ഇ.ബി.യിലും നൽകിയിട്ടുണ്ട്. 2017 മാർച്ച് 31-ന മുൻപായി പ്രവൃത്തികൾ പൂർത്തീകരിച്ച് പൂർത്തീകരണ സർട്ടിഫിക്കറ്റും, തുകകളുടെ വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്. സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കാത്ത സാഹചര്യത്തിൻമേൽ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

4). പ്രോജക്ടിന്റെ പേര് : വൈദ്യുത പോസ്റ്റ് മാറ്റി സ്ഥാപിക്കൽ

പ്രോജക്ട് നമ്പർ : SO 0057/17

അടങ്കൽ തുക : 2,52,314/-

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ ഗതാഗത തടസ്സം സൃഷ്ടിക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനായി 1,64,302/-രൂപ കെ.എസ്.ഇ.ബി.യിൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ ടി തുകയ്ക്ക് മേലുള്ള പ്രവൃത്തിയുടെ പൂർത്തീകരണ സർട്ടിഫിക്കറ്റും തുകയുടെ വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല. ഇവ ലഭിക്കുകന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണം.

5). വെള്ളക്കര കുടിശ്ശിക വ്യക്തമായ രേഖകളില്ലാതെ അടവാക്കി - 1,11,544/-രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ടിന്റെ പേര് : വെള്ളക്കര കുടിശ്ശിക അടവാക്കൽ

പ്രോജക്ട് നമ്പർ : SO 0084/2017

അടങ്കൽ തുക : 2,50,000/-

ഗ്രാമപഞ്ചായത്തിലെ ദേശസേവിനി ഗ്രന്ഥശാല, 90-ാം നമ്പർ അംഗനവാടി, ശിശുമന്ദിരം എന്നിവിടങ്ങളിലെ കുടിശ്ശികയുള്ള വാട്ടർ ചാർജ്ജ് അടവാക്കാനായിരുന്നു പ്രോജക്ട് ലക്ഷ്യം വച്ചത്. ടി പദ്ധതിയുടെ ഫയലിൽ 90-ാം നമ്പർ അംഗനവാടിയുടെ 65470-ാം രൂപയുടെ കുടിശ്ശിക ബില്ലും (ബിൽ നം.24300864 തീയതി 01.03.2017) 59,323/-രൂപയുടെ മറ്റൊരു കുടിശ്ശിക ബില്ലും (ബിൽ നം.21626890 തീയതി 01.11.2016) ഉൾക്കൊള്ളിച്ചിട്ടുണ്ട്. രണ്ടു

ബില്ലുകളിലും കുടിശ്ശിക ആരംഭിക്കുന്ന മാസം രേഖപ്പെടുത്തിയിട്ടില്ല. ദേശസേവിനി ഗ്രന്ഥശാലയുടെ കുടിശ്ശിക തുക 1,41,974/- രൂപയാണെന്ന് 26.11.2016-ലെ ബിൽ നമ്പർ 22201549ലൂടെ വാട്ടർ അതോറിറ്റി അറിയിച്ചിട്ടുണ്ട്. ശിശുമന്ദിരത്തിലെ വെള്ളക്കര കുടിശ്ശിക 07.03.2017-ലെ ബിൽ നം.24485867 പ്രകാരം 46,084/-രൂപ ആണ്. ടി പദ്ധതിയിലൂടെ അങ്കണവാടിയുടെ 65,470/-രൂപയും ശിശുമന്ദിരത്തിലെ 46,084/-രൂപയും ചേർത്ത് 1,11,554/-രൂപ വാട്ടർ അതോറിറ്റിയിൽ ഒടുക്കു വരുത്തിയിട്ടുണ്ട്.

നിർവഹണത്തിലെ അപാകതകൾ

- വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് & ഡിസ്കണക്ഷൻ നോട്ടീസിലെ തുകകളുടെ പൊരുത്തക്കേടുകൾ പരിശോധിക്കപ്പെട്ടിട്ടില്ല (നാലുമാസം ദൈർഘ്യത്തിൽ, ഒരു ടാപ്പ് മാത്രമുള്ള അങ്കണവാടിയ്ക്ക് പിഴയടക്കം 6,147/-രൂപ ബില്ല് ആകുന്നത് അസാധാരണമാണ്.
- വെള്ളക്കര കുടിശ്ശിക വന്നതിനുള്ള കാരണം/സാഹചര്യം പഞ്ചായത്ത് ഉദ്യോഗസ്ഥ തലത്തിലോ, സാമൂഹ്യക്ഷേമ വകുപ്പ് ജീവനക്കാരുമായോ, ഭരണസമിതി തലത്തിലോ വിലയിരുത്തിയിട്ടില്ല.
- പഞ്ചായത്തിൽ കുടിശ്ശിക ഒടുക്ക് വരുത്തിയിട്ടുള്ള തുകകൾ, വ്യക്തമാക്കുന്ന രേഖകൾ ഇല്ല.
- പരാമർശിക്കപ്പെട്ട മൂന്നു സ്ഥാപനങ്ങളിൽ രണ്ടു സ്ഥാപനങ്ങളുടെ ഭാഗികമായ തുകകൾ അടവാക്കിയതും മൂന്നാം സ്ഥാപനത്തിന്റെ വെള്ളക്കര കുടിശ്ശിക അടവാക്കാത്തതും ക്രമപ്രകാരമല്ല.
- പ്രോജക്ട് തുകയായ 2,50,000/-രൂപ മുഴുവനായും ചെലവാക്കിയിട്ടില്ല.
- വെള്ളക്കര കുടിശ്ശിക തുക അടവാക്കിയതിന്റെ രസീത് ലഭ്യമായിട്ടില്ല.

അടിയന്തിര നടപടി

വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് അടവാക്കിയ തുകയ്ക്ക് രസീതു വാങ്ങേണ്ടതും അടവാക്കിയ തുകയുടെ കൃത്യത ഉറപ്പു വരുത്തി, പഞ്ചായത്ത് നിയന്ത്രണത്തിലുള്ള കെട്ടിടങ്ങളിലെ വെള്ളക്കരം സൂചിപ്പിക്കുന്ന രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്. വെള്ളക്കര കുടിശ്ശികയ്ക്കായി ചെലവഴിച്ച തുകയായ 1,11,544/-രൂപ മേൽ അപാകതകൾ കാരണം തടസ്സപ്പെടുത്തുന്നു.

## 3-5 ഗ്രാമപഞ്ചായത്തിലെ അങ്കണവാടികൾ-ഗ്രാമപഞ്ചായത്ത് കൂടുതൽ ശ്രദ്ധ കൈക്കൊള്ളണം

ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള 35 അങ്കണവാടികളിൽ സ്വന്തം കെട്ടിടമുള്ള 10 അങ്കണവാടികളും, ബാക്കി 25 അങ്കണവാടികളിൽ 23 അങ്കണവാടികൾ വാടക കെട്ടിടത്തിലും 2 അങ്കണവാടികൾ വാടക രഹിത കെട്ടിടത്തിലും പ്രവർത്തിക്കുന്നു.

സ്വന്തം കെട്ടിടമുള്ള അങ്കണവാടികൾ

- 2016-17 സാമ്പത്തിക വർഷത്തിൽ മരാമത്തു പ്രവൃത്തികളിൽ 51-ാം നമ്പർ അങ്കണവാടിയുടെ ചുറ്റുമതിൽ മെയിൻ്റനൻസും, 54-ാം നമ്പർ അങ്കണവാടിയിൽ കുടിവെള്ള സൗകര്യം മെച്ചപ്പെടുത്തലും, 49-ാം നമ്പർ അങ്കണവാടിയിലെ കക്കൂസ്, അടുക്കള നിർമ്മാണവും ഉൾപ്പെട്ടിരുന്നു. ഇതിൽ ആദ്യ രണ്ടു പ്രവൃത്തികളും നടത്താൻ കഴിഞ്ഞിട്ടില്ല. കൂടാതെ ഭാഗികമായി ചുറ്റുമതിൽ ഉള്ള 62-ാം നമ്പർ അങ്കണവാടിയിൽ വൈദ്യുതിയും, കുടിവെള്ള സൗകര്യവും ഇല്ലാത്തതിൻമേൽ ശ്രദ്ധ നൽകിയിട്ടില്ല. 73-ാം നമ്പർ അങ്കണവാടിയുടെ വാട്ടർ ചാർജ്ജ് കുടിശ്ശികയായ ഭീമമായ തുക ഈ സാമ്പത്തിക വർഷത്തിൽ ഒടുക്ക് വരുത്തിയിരിക്കുന്നു. വാർഷിക അറ്റകുറ്റപ്പണികൾ നിർബന്ധമായും ഏറ്റെടുത്ത് ഏപ്രിൽ, മെയ് മാസങ്ങളിൽ പൂർത്തീകരിക്കേണ്ടതാണ്.

വാടക കെട്ടിടത്തിലെ അങ്കണവാടികൾ

- പഞ്ചായത്തിലെ 70% അങ്കണവാടികളും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഈ അങ്കണവാടികൾക്ക് സ്വന്തം കെട്ടിടത്തിനായി സ്ഥലം വാങ്ങൽ/ഏറ്റെടുക്കൽ പ്രവൃത്തകൾ ഏറ്റെടുക്കാൻ തയ്യാറാകേണ്ടതുണ്ട്. എസ്.എൻ.പി. ലഭ്യമാകുന്ന കേന്ദ്ര സഹായത്തിലെ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും ഗ്രാമപഞ്ചായത്ത് മുൻഗണന നൽകേണ്ടതാണ്. 2016-17-ൽ കേന്ദ്രാവിഷ്കൃത ഫണ്ടിൽ 1,95,975/-രൂപ ബാക്കിയുണ്ട്. വാടക കെട്ടിടങ്ങളുടെ ഫിറ്റ്നസ് എല്ലാ വർഷവും ഗ്രാമപഞ്ചായത്ത് എഞ്ചിനീയർ/ഓവർസീയർ ഉറപ്പു വരുത്തേണ്ടതാണ്.

വാടകരഹിത കെട്ടിടത്തിലെ അങ്കണവാടികൾ

പഞ്ചായത്തിൻ്റേതായ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന 2 അങ്കണവാടികളാണുള്ളത്. ഇതിൽ 57-ാം നമ്പർ അങ്കണവാടിയിൽ അറ്റകുറ്റപ്പണികൾ നടത്തിയത് ശ്ലാഘനീയമാണ്. അങ്കണവാടിക്കു വേണ്ടതായ സാഹചര്യങ്ങൾ ഒരുക്കി സ്വന്തം കെട്ടിടം എന്ന നിലയിൽ എത്തിക്കുവാൻ ശ്രദ്ധിക്കാവുന്നതാണ്.

## 3-6 കുഴിയംവിള ഫുഡ്ബ്രിഡ്ജ് നിർമ്മാണം-ഡക്ക് സ്ലാബിന് അധിക നിരക്കും പ്ലാസ്റ്ററിംഗിന് അധിക കനവും നൽകി-10942/-രൂപ നിരാകരിക്കുന്നു.

പ്രോജക്ട് നം. - SO 162/17

ഫണ്ട് - എസ്.സി.പി.

അടങ്കൽ തുക - 1,04,296/-

ചെലവ് തുക - 1,04,012/-

ബിൽ നമ്പർ - 04/16-17

എം. ബുക്ക് നമ്പർ - 589/15-16 & 342/15-16

എസ്റ്റിമേറ്റ് ആധാരം- DSR 2013

ടി പ്രവൃത്തിയിൽ ഇനം 5 ആയി DSR കോഡ് 5.2.2 പ്രകാരം ഡെക്ക് സ്ലാബും, പാരപ്പിറ്റും പ്രബലിത സിമന്റ് കോൺക്രീറ്റ് ചെയ്തിട്ടുണ്ട്. രണ്ടു റോഡുകൾക്കിടയിലായി ഒഴുകുന്ന കനാലിന്റെ ഡക്ക് സ്ലാബും പാരപ്പിറ്റും ചെയ്യുന്നതിന് CPWD സ്പെസിഫിക്കേഷൻ പ്രകാരം DSR കോഡ് 5.1.2 ഉപയോഗപ്പെടുത്തേണ്ടിയിരുന്ന (അധിക ലിഫ്റ്റ് ഇല്ലാത്തത്).

ഡെക്ക് സ്ലാബ് = $\frac{5.87 + 5.70}{2}$ x 3.30 x 0.46 = 8.78$m^3$

പാരപ്പിറ്റ് = 5.87 x 0.15 x .60 = 0.528$m^3$

= 5.70 x 0.15 x 0.60 = 0.513$m^3$

ആകെ അളവ് = 9.821$m^3$

5.2.2 പ്രകാരം നൽകിയ തുക = 9.821 x 7583.04 = 74465.45

5.1.2 പ്രകാരം നൽകേണ്ടിയിരുന്ന തുക = 9.821 x 6662.70 = 65434.38

അധികമായി നൽകിയ തുക = 9031.07

CPWD സ്പെസിഫിക്കേഷൻ പ്രകാരം പ്രബലിത സിമന്റ് കോൺക്രീറ്റിനു മുകളിൽ പ്ലാസ്റ്ററിംഗിന് 6mm കനത്തിൽ കൂടുതൽ നൽകേണ്ടതില്ല. എന്നാൽ ഇനം 8 ആയി ഡക്ക് സ്ലാബും പാരപ്പിറ്റും 12mm കനത്തിൽ പ്ലാസ്റ്ററിംഗ് നടത്തിയിട്ടുണ്ട്.

പ്ലാസ്റ്ററിംഗിന്റെ അളവ് = 19.84$m^2$

13.9.1 പ്രകാരം നൽകിയ തുക = 19.84 x 240.72 = 4775.89

13.6.1 പ്രകാരം നൽകേണ്ടിയിരുന്ന തുക =19.84 x 144.42 = 2865.29

അധികം ചെലവാക്കിയ തുക = 1910.60

എസ്റ്റിമേറ്റിലെ പിഴവുമൂലം ടി പ്രവൃത്തിയിൽ 10,942/-രൂപയുടെ നഷ്ടം വന്നിട്ടുണ്ട്. ആയതിനാൽ ടി തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-7 പൂന്നമൂട് ഹയർ സെക്കണ്ടറി സ്കൂളിലെ ലൈബ്രറിയ്ക്ക് സീലിംഗും ഫ്ലോറിംഗും - അളവു പുസ്തകത്തിലെ അളവുകൾ ശരി അളവുകളുമായി പൊരുത്തപ്പെടുന്നില്ല. 17,035/- രൂപ നിരാകരിക്കുന്നു.

പ്രോജക്റ്റ് നമ്പർ - SO 181/17

ഫണ്ട് - ലോക ബാങ്ക്

അടങ്കൽ തുക - 4,00,000/-

കൺവീനർ - എസ്. അജയകുമാർ

ബിൽ നമ്പർ - 54/16-17

എം. ബുക്ക് നം. - 439/16-17

എസ്റ്റിമേറ്റ് ആധാരം - DSR 2014

മേൽ പ്രവൃത്തി സംയുക്ത ഭൗതിക പരിശോധനയിലൂടെ വിലയിരുത്തിയപ്പോൾ ലൈബ്രറി വരാന്തയുടെ നീളം 15.45 മീറ്റർ ആണ്. എന്നാൽ അളവു പുസ്തകത്തിൽ ഇനം 6-ൽ വരാന്തയുടെ നീളം 19.47 മീറ്റർ ആയി രേഖപ്പെടുത്തി ടൈൽ പാകിയിരിക്കുന്നു. കൂടാതെ ടൈൽ പാകിയ മറ്റൊരു 2.20 ചതുരശ്ര മീറ്റർ വിസ്തീർണ്ണം എഞ്ചിനീയറിംഗ് വിഭാഗത്തിന് ചൂണ്ടിക്കാണിക്കുവാനും കഴിഞ്ഞിട്ടില്ല.

<u>വരാന്ത ഫ്ളോറിംഗ്</u>

എം. ബുക്ക് പ്രകാരം ചെയ്ത അളവ് = 19.47 x 1.60 = 31.152$m^2$

ശരിയായ അളവ് = 15.45 x 1.60 = 24.72$m^2$

അധിക അളവ് = 6.432$m^2$

ചെയ്യാത്ത പ്രവൃത്തിയുടെ അളവ് = 2.20$m^2$

ആകെ അളവ് = 8.632$m^2$

നഷ്ടം സംഭവിച്ച തുക = 8.632 x 1973.41 = 17034.48

ടി പ്രവൃത്തിയിലൂടെ നഷ്ടപ്പെട്ട 17035/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-8 ആയുർവേദ ആശുപത്രിയ്ക്കായി പുതിയ കെട്ടിടം-പണി പൂർത്തീകരിച്ചിട്ടും പ്രവർത്തിക്കുവാൻ കഴിഞ്ഞിട്ടില്ല-അടിയന്തിര നടപടികൾ കൈക്കൊള്ളണം.

നിലവിലുള്ള ആയുർവേദ ആശുപത്രിയുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി ആയുർവേദ ആശുപത്രിയ്ക്ക് പുതിയ കെട്ടിടം എന്ന പ്രോജക്ടിലൂടെ നടപ്പിലാക്കി. ആദ്യ ഘട്ടത്തിൽ 22 ലക്ഷം അടങ്കൽ തുകയുള്ള പ്രോജക്ടിൽ ഇലക്ട്രിഫിക്കേഷനും പ്ലംബിംഗും ഉൾപ്പെടുത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കി. അടുത്ത ഘട്ടത്തിലൂടെ ആശുപത്രി നിർമ്മാണം പൂർത്തീകരിച്ചു. വെള്ളവും വൈദ്യുതിയും ലഭിക്കാതെ ആശുപത്രി തുറന്നു പ്രവർത്തിക്കുവാൻ കഴിയാത്തതിനാൽ അടച്ച നിലയിലാണ്. കൂടാതെ ആശുപത്രിയിലേയ്ക്കുള്ള വഴി നിലവിൽ അടഞ്ഞ നിലയിലാണ്. അരക്കോടിയോളം രൂപ ചെലവഴിച്ച ഈ കെട്ടിടം തുറന്നു പ്രവർത്തിക്കുവാൻ വേണ്ട നടപടികൾ അടിയന്തിരമായി കൈക്കൊള്ളേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ വിഹിതം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 200000 | ശാരീരിക മാനസിക വെല്ലുവിളി നേടുന്നവർക്കുള്ള സ്കോളർഷിപ്പ് | 200000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 500000 | ബഡ്സ് സ്കൂൾ വാഹനം വാങ്ങൽ | - | 500000 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 100000 | ബഡ്സ് സ്കൂൾ കാർ വാടക | 100000 | - |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവ്യത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | വൈദ്യുതിലൈൻ എക്സ്റ്റൻഷൻ | 086386,87,88,89 dt.16.11.16 | 140293 | *140293 | - |
| KSEB | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | DD 086382,83,84,85 dt.16.11.16/ 826858 dt.04.03.17 | 164302 | *160316 (3986 രൂപയുള്ള പ്രവൃത്തകൾക്ക് u/c ലഭിച്ചിട്ടുണ്ട്.) | - |

| | | | | | |
|---|---|---|---|---|---|
| KWA | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | DD 826588 dt.18.11.16, DD 826912 dt 29.03.17<br>DD 826885 dt29.03.17 | 623000 | *623000 | - |
| KWA | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (scp) | A/C transfer 24.03.17 | 875453 | *875453 | - |

* utlisation certificate ലഭ്യമായിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

| ക്രമ നം | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം/ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| ഇല്ല | | | | | | |

## 4-4 വായ്പ/ വായ്പ തിരിച്ചടവ് ഓഡിറ്റ് വർഷം ലഭ്യമായ വായ്പ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| പ്രത്യേക ഭവനപദ്ധതി | 4495/DB1 /14/ത.സ്വ.ഭ.വ, 20/02/15 | 16800000 | 15120000 | 1680000 | 1735545 | 13440000 |

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം |
|---|---|---|---|---|---|

| | | | തുക | | | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം. എസ്.ഭവന പദ്ധതി | ജി.ഒ. എം.എസ് .207/2009 /ത.സ്വ.ഭ.വ. 07/11/2009 | 21396000 | 1284900 | 1284900 | - | - |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ഇല്ല |
| തൻവർഷം നിക്ഷേപിച്ച തുക | |
| ആകെ | |
| തന്നാണ്ടിൽ പിൻവലിച്ച തുക | |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ഇല്ല | |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ 41,858/- രൂപ ലഭ്യമായിട്ടുണ്ട്

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ബാധകമല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 87483516.18 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 70016211.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 27977.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 306544.00 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-6 | | 10942 | അസി.എഞ്ചിനീയർ, ശ്രീ. രവികുമാരൻതമ്പി. സി.എം. |
| 3-7 | | 17035 | അസി. എഞ്ചിനീയർ, ശ്രീ. രവികുമാരൻതമ്പി. സി.എം. |

| | | | |
|---|---|---|---|
| | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 195000 | ശ്രീ.ബിനോയ് ഭുവൻ, വി.ഇ.ഒ.(സർക്കിൾ 1) |
| 3-4(5) | 111544 | ശ്രീമതി. ലതാകുമാരി. എസ്, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.രവികുമാരൻതമ്പി.സി.എം. അസി.എഞ്ചിനീയർ, | കല്ലിയൂർ ഗ്രാമ പഞ്ചായത്ത് | ഉത്രാടം, റ്റി.സി.21/1604(1), നെടുങ്കാട്, കരമന. പി.ഒ. തിരുവനന്തപുരം |
| ശ്രീ.ബിനോയ് ഭുവൻ, വി.ഇ.ഒ(സർക്കിൾ 1) | കല്ലിയൂർ ഗ്രാമ പഞ്ചായത്ത് | TC-16/1336, Kera-102, കണ്ണേറ്റ്മുക്ക്, തൈക്കാട്. പി.ഒ. |

| | | |
|---|---|---|
| ശ്രീമതി. ലതാകുമാരി. എസ്.<br>സെക്രട്ടറി | വിളവൂർക്കൽ ഗ്രാമ പഞ്ചായത്ത് | TC-19/1992(1), ദേവശ്രീ, SNRA-16, മുടവൻമുകൾ, പൂജപ്പുര. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1999-00 | LFTDGP4/879/02 dated 21.06.2014 | 1 | |
| 2000-01 | LFTDGP4/18/03 dated 21.06.2014 | 15 | |
| 2001-02 | LFTDGP4/1253/03 dated 21.06.2014 | 10 | |
| 2002-03 | LFTDGP4/915/05 dated 21.06.2014 | 12 | |
| 2003-04 | LFTDGP4/264/07 dated 21.06.2014 | 9 | |
| 2004-05 | LFTDGP4/1865/ dated 21.06.2014 | 20 | |
| 2005-06 | LFTDGP4/817A/09 dated 28.10.2011 | 14 | |

| | | | |
|---|---|---|---|
| 2006-07 | LFTDGP4/818/09 dated 18.03.2011 | 19 | |
| 2007-08 | LFTDGP4/916/10 dated 12.04.2011 | 17 | |
| 2008-09 | LFTDGP4/385/14 dated 03.09.2014 | 8 | |
| 2009-10 | LFTDGP4/84/15 dated 09.07.2015 | 10 | |
| 2010-11 | LFTDGP4/84/15 dated 09.07.2015 | 10 | |
| 2011-12 | LFTDGP4/1848/15 dated 19.10.2015 | 14 | |
| 2012-13 | LFTDGP4/1334/15 dated 03.06.2015 | 14 | |
| 2013-14 | KSA.Tvm/GP4/1346/15 dated 15.10.2015 | - | |
| 2014-15 | KSA.Tvm/GP4/1081/16 dated 14.06.2016, 29.06.2016 | - | |
| 2015-16 | KSA.Tvm/GP4/2013/2016 dated 09.12.2016 | - | |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് (4)-1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പ് അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കല്ലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചേർത്തിട്ടുള്ളതും ചുവടെ ചേർത്തിട്ടുള്ള ന്യൂനതകളുമൊഴികെ വാർഷിക ധനകാര്യ പത്രിക കല്ലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പും 2003ജൂൺ 12-ലെ നമ്പർ:319/2003/ധന, തിയതി:12.06.2003 ഉത്തരവും അനുസരിച്ചാണ്.

### ന്യൂനതകളുടെ സംഗ്രഹം

1. ഭാഗം 2,ഖണ്ഡിക 2-1ൽ പ്രതിപാദിക്കുന്ന അപാകതകൾ പരിഹരിക്കേണ്ടതാണ്.
2. ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം കൃത്യമായി നിർണ്ണയിച്ച് വാർഷികധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.
3. സ്റ്റോക്ക് & സ്റ്റോഴ്സ് മൂല്യാധിഷ്ഠിതമായി തയ്യാറാക്കി വിവരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്